# ലാലൂരിനു മോചനമുണ്ടോ?

**ഡേവിസ് വളർക്കാവ്**

**ഇ**ന്നത്തെ ലാലൂരിനെ തൃശൂർ നഗരം കുപ്പത്തൊട്ടിയാക്കുന്നതിനുമുമ്പ് വെള്ളാനിക്കരക്കായിരുന്നു ഈ ദുരന്തം സഹിക്കേണ്ടിവന്നിരുന്നത്. അതും മാലിന്യമല്ല സാക്ഷാൽ മലം തന്നെയായിരുന്നു അവിടെ തട്ടിയിരുന്നത്. നഗരത്തിലെ വീടുകളിൽനിന്നുള്ള മലം പാത്രത്തിൽ ശേഖരിച്ച് വലിയ പാട്ടയിലേക്കു പകർന്ന ആ 'ടാങ്ക് വണ്ടി' ഉന്തി തോട്ടികൾ പോകുന്ന കാഴ്ച ഏറെ പഴക്കമുള്ളതല്ല.

വെള്ളാനിക്കര തട്ടിൽ എസ്റ്റേറ്റിൽ മലം തട്ടുന്നതിൽ,അന്നാട്ടുകാരുടെ പ്രതിഷേധം ഉയർന്നപ്പോഴാണ് ലാലൂരിനെ കണ്ടെത്തുന്നത്. കണ്ടുപിടുത്തങ്ങൾ വെറുതെയാകില്ലല്ലോ! അങ്ങനെ ലാലൂരിൽ മലം തട്ടി തുടങ്ങി.

പരിഷ്കൃത സമൂഹത്തിന് മനുഷ്യർ മനുഷ്യരെ ചുമക്കുന്നതും ഒരാളുടെ മലം മറ്റൊരാൾ ചുമക്കുന്നതും നിർത്തലാക്കാൻ കാലം ഏറെയെടുത്തു. വൈകിയാണെങ്കിലും നിയമം വന്നു. അങ്ങനെ മലം അവരവർ തന്നെ സംസ്കരിക്കാൻ നിർബന്ധിക്കപ്പെട്ടു.

അന്നത്തെ സമരങ്ങളിൽ സജീവമായി നേതൃത്വം നല്കിയ ആർ.എം.മനയ്ക്കലാത്തിനെപ്പോലുള്ളവരുടെ പ്രസംഗങ്ങൾ ഇന്നും പലരും ഓർക്കുന്നുണ്ട്. ''തട്ടിലിന്റെ തോട്ടത്തിൽ മലം തട്ടുന്നവരെ തട്ടും'' എന്ന പ്രാസം നിറഞ്ഞ മനയ്ക്കലാത്തിന്റെ പ്രസംഗം ശ്രീ. ഐ.എം.വേലായുധൻ മാഷ് അനുസ്മരിക്കുകയുണ്ടായി.

മലം തട്ടാൻ കണ്ടുപിടിച്ച ദേശം അതിനുശേഷം കുപ്പത്തൊട്ടിയാക്കാനും നാട്ടുകാരുടെ പ്രതിഷേധത്തെ അവഗണിക്കാനും നഗരപാലകർക്കും നഗരവാസികൾക്കും കഴിയുന്നത് ഈ ചുമപ്പിച്ച പാരമ്പര്യം ആണ് ഇവരുടെ സ്വഭാവത്തെ സ്വാധീനിച്ചിരിക്കുന്നത് എന്നതുകൊണ്ടാകാം. ചുമന്നവരോ 'തീട്ടം കോരി' കളെന്ന അപരനാമത്തിൽ പരിഹാസവും പുച്ഛവും ഏറ്റുവാങ്ങി നഗരത്തിനു പുറത്ത് കുരിയച്ചിറയിലും മറ്റും കോളനികളിൽ കഴിയാൻ വിധിക്കപ്പെട്ടു.

ശുചീകരണ തൊഴിലാളികളായിട്ടും ഇവരുടെ സാമൂഹ്യ മാന്യതയും മെച്ചപ്പെട്ട ജീവിത സാഹചര്യവും ഇനിയും അകലെയാണ്. തുണിയിലെ വിഴുപ്പലക്കി അഴുക്കുകളഞ്ഞ് വൃത്തിയാക്കി തരുന്നവരെ നമ്മുടെ സമൂഹം എന്ത് കണ്ണുകൊണ്ടാണ് കാണുന്നതെന്നുകൂടി ശ്രദ്ധിച്ചാൽ പലതും മനസിലാക്കാൻ എളുപ്പമാണ്.

വിഴുപ്പലക്കൽ എന്ന കർമ്മത്തെ സാഹിത്യഭാഷയിലേക്ക് സ്ഥാനക്കയറ്റം നല്കി ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ അതിന്റെ പിന്നിൽ അദ്ധ്വാനിക്കുന്നവരെയും അവരുടെ അദ്ധ്വാനത്തെയും അപമാനിച്ചു. അതൊരു മോശപ്പെട്ട കാര്യമാക്കി മാറ്റി.

നഗരത്തിലെ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗം മാലിന്യം സ്വയം സംസ്കരിക്കലാണെന്ന പാഠം മലത്തിന്റെ കാര്യത്തിൽനിന്നും നാം പഠിക്കുന്നില്ല എങ്കിൽ സുരത്തുകൾ നമ്മെ പഠിപ്പിച്ചുവെന്നു വരാം. വെള്ളാനിക്കരയുടെ മോചനം ലാലൂരിനും കൈവരില്ലേ...